**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2884** **14-02-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സ്ഥലവും വീടും ലഭ്യമാക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലുൾപ്പെട്ടവരുടെ വിവരം ശേഖരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | ലൈഫ് പദ്ധതി പട്ടിക പ്രകാരം സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട 75989 ഭൂരഹിത കുടുംബങ്ങളും, 43389 ഭവനരഹിത കുടുംബങ്ങളും, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിത ഭവനരഹിതരായ6441 കുടുംബങ്ങളും, ഭൂമിയുള്ള ഭവനരഹിതരായ 8380 കുടുംബങ്ങളും ഉണ്ട്. |
| (ബി) | ഇവർക്ക് സ്ഥലവും വീടും ലഭ്യമാക്കുന്നതിന് നിലവിലുള്ള പദ്ധതികൾ പര്യാപ്തമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട സ്ഥലവും വീടും ഇല്ലാത്ത ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി ലൈഫ് മിഷൻ മുഖേന ധനസഹായം അനുവദിച്ചു വരുന്നുണ്ട്. കൂടാതെ, വിവിധ പുനരധിവാസ പദ്ധതികളിലൂടെ ഭൂമി ലഭ്യമാകുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേനയും വീട് അനുവദിച്ചു നൽകുന്നുണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി പരമാവധി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികളും, റവന്യൂ ഭൂമി ലഭ്യമാക്കി പട്ടയം നൽകുന്നതിനും, വനാവകാശനിയമപ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പദ്ധതികൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥലവും വീടും അനുവദിക്കുന്നതിന് പര്യാപ്തമാണ്. |
| (സി) | ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലുൾപ്പെട്ടവർക്ക് സ്ഥലവും വീടും എന്നത്തേക്ക് അനുവദിച്ചുനൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ? | (സി) | ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലുൾപ്പെട്ടവർക്ക് കാലതാമസം കൂടാതെ സ്ഥലവും വീടും അനുവദിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ